# കേരളപാണിനീയം

എ. ആർ. രാജരാജവർമ്മ

2018

Kēraḷapāṇinīyam
Malayalam Grammar
by A. R. Rājarāja Varma
First published: 1917

First EPUB/PDF version published: 2017
Second EPUB/PDF version published: 2018

These electronic versions are released under the provisions of Creative Commons Attribution Share Alike license for free download and usage.

The electronic versions were generated from sources available at WikiSource, futher marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2016. ePub version was generated by TeX4ht from the same LaTeX sources. A cloud based framework namely, ഇതൾ (ITHAL) has been used to process the documents and generate various output formats.

The base font used was traditional script of Rachana, contributed by KH Hussain, *et al.*, and maintained by Swathanthra Malayalam Computing. The font used for Latin script was TeX Gyre Pagella developed by GUST, the Polish TeX Users Group.

Cover: Details from the painting, namely, *The Return of the Stork* (1893), by the Dutch painter, Theodoor van Hoytema (1863–1917). The image is taken from Wikimedia Commons and is gratefully acknowledged.

The digital editions published by: **Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: http://www.sayahna.org

# ഉള്ളടക്കം

ഉള്ളടക്കം . . . . . v
മുഖവുര . . . . . ix
'സായാഹ്ന' പതിപ്പിന്റെ പ്രത്യേകതകൾ . . . . . xiii

**ഒന്ന് പീഠിക** **15**
1 മലയാളദേശവും ഭാഷയും . . . . . 17
  1 അനുനാസികാതിപ്രസരം: . . . . . 31
  2 തവർഗ്ഗോപമർദ്ദം അല്ലെങ്കിൽ താലവ്യാദേശം: . . . . . 32
  3 സ്വരസംവരണം: . . . . . 32
  4 പുരുഷഭേദനിരാസം: . . . . . 34
  5 ഖിലോപസംഗ്രഹം: . . . . . 37
  6 അംഗഭംഗം: . . . . . 39
2 ഘട്ടവിഭാഗം . . . . . 53
  1 ആദ്യഘട്ടം — കരിന്തമിഴകാലം: . . . . . 62
  2 മധ്യഘട്ടം — മണിപ്രവാളരീതി . . . . . 63
  3 ആധുനികഘട്ടം . . . . . 64
3 അക്ഷരമാല . . . . . 67
4 വർണ്ണവികാരങ്ങൾ . . . . . 81

**രണ്ട് സന്ധിപ്രകരണം** **97**
1 സന്ധിവിഭാഗം . . . . . 99
  1 ലോപസന്ധി . . . . . 100
  2 ആഗമസന്ധി . . . . . 103
  3 ദ്വിത്വസന്ധി . . . . . 107
  4 ആദേശസന്ധി . . . . . 113
2 ശബ്ദവിഭാഗം . . . . . 119
  1 ഭേദകങ്ങളുടെ ഉൾപ്പിരിവുകൾ: . . . . . 128
3 പ്രകൃതിപ്രത്യയങ്ങൾ . . . . . 131

**മൂന്ന് നാമാധികാരം** **133**
1 ലിംഗപ്രകരണം . . . . . 135
2 വചനപ്രകരണം . . . . . 145
3 വിഭക്തിപ്രകരണം . . . . . 157
  1 നാമരൂപാവലി . . . . . 165
4 വിഭക്ത്യാഭാസപ്രകരണം . . . . . 171
  1 ഇനി ഇരട്ടിപ്പ് . . . . . 173
5 കാരകപ്രകരണം . . . . . 177
6 തദ്ധിതപ്രകരണം . . . . . 189
  1 തന്മാത്രപ്രത്യയങ്ങൾ . . . . . 190

**നാല് ധാത്വധികാരം** **195**
1 ധാത്വധികാരം . . . . . 197
  1 പ്രാരംഭം . . . . . 197
  2 പ്രകൃതി . . . . . 197
  3 സ്വഭാവം . . . . . 198
2 കാലപ്രകരണം . . . . . 199
  1 കാലാദികളെ സംബന്ധിച്ച പൊതുനിയമങ്ങൾ . . . . . 205
  2 കാലപ്രത്യയങ്ങളുടെ ആഗമം . . . . . 220
3 പ്രകാരപ്രകരണം . . . . . 223
4 പ്രയോഗപ്രകരണം . . . . . 231
5 പ്രയോജകപ്രകൃതി . . . . . 233
6 നാമധാതുപ്രകരണം . . . . . 241
7 ഖിലധാതുക്കൾ . . . . . 245
8 അനുപ്രയോഗം . . . . . 247
  1 ഒന്നാംവക, ഭേദകാനുപ്രയോഗം . . . . . 251
  2 രണ്ടാം വക; കാലാനുപ്രയോഗം . . . . . 255
  3 മൂന്നാംവക, പൂരണാനുപ്രയോഗം . . . . . 257

9 നിഷേധപ്രകരണം . . . . . . . . . . . . . 259
10 സമുച്ചയം . . . . . . . . . . . . . . . . . 269
11 അംഗക്രിയ . . . . . . . . . . . . . . . 271
 1 പേരെച്ചം . . . . . . . . . . . . . . . 275
 2 വിനയെച്ചം . . . . . . . . . . . . . 280
12 കൃതികൃത്തുക്കൾ . . . . . . . . . . . . 295
13 കാരകകൃത്തുക്കൾ . . . . . . . . . . . 299

**അഞ്ച് ഭേദകാധികാരം** **301**

1 ഭേദകാധികാരം . . . . . . . . . . . . . 303

**ആറ് നിപാതാവ്യയാധികാരം** **309**

1 നിപാതാവ്യയാധികാരം . . . . . . . . . . 311

**ഏഴ് ആകാംക്ഷാധികാരം** **315**

1 വാക്യപ്രകരണം . . . . . . . . . . . . . 317
 1 പദക്രമം . . . . . . . . . . . . . . . 320
 2 പൊരുത്തം . . . . . . . . . . . . . . 321
2 സമാസപ്രകരണം . . . . . . . . . . . . 325
3 ശബ്ദോൽപ്പത്തി . . . . . . . . . . . . . 333
ധാതുപാഠം . . . . . . . . . . . . . . . . . 347
കാരികാസൂചിക . . . . . . . . . . . . . . 357
സൂചിക . . . . . . . . . . . . . . . . . . . 361

# 9

## നിഷേധപ്രകരണം

വിധി എന്നും നിഷേധം എന്നും വാക്യഗതി രണ്ടുവിധമാണെന്ന് ഇതിനു മുൻപുതന്നെ പ്രസംഗവശാൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. സംസ്കൃതം മുതലായ ആര്യഭാഷകൾ അഭാവാർത്ഥകമായ നിപാതംകൊണ്ട് വിധിവാക്യക്രിയാപദത്തെ വിശേഷിപ്പിച്ച് നിഷേധാർത്ഥം ഉളവാക്കുന്നു. ദ്രാവിഡങ്ങളിൽ നിഷേധാർത്ഥം, അതിലേക്കു പ്രത്യേകം ഉള്ള ചില രൂപഭേദങ്ങൾകൊണ്ടു സാധിക്കേണ്ടിയിരിക്കുന്നു.

| സംസ്കൃതം | | മലയാളം | | |
|---|---|---|---|---|
| വിധി | നിഷേധം | വിധി | നിഷേധം | |
| കരോതി | ന കരോതി | ചെയ്യുന്നു | ചെയ്യായുന്നു, | ചെയ്യുന്നില്ല. |
| അകാർഷിത് | നാകാർഷിത് | ചെയ്തു | ചെയ്യാഞ്ഞു, | ചെയ്തില്ല. |
| കരിഷ്യതി | ന കരിഷ്യതി | ചെയ്യും | ചെയ്യാ | ചെയ്യുവില്ല,<br>ചെയ്കയില്ല,<br>ചെയ്യില്ല. |
| കരോതു | ന കരോതു | ചെയ്യട്ടെ<br>ചെയ്യാം | ചെയ്യാതിരിക്കട്ടെ,<br>ചെയ്യാതിരിക്കാം, | ചെയ്തുകൂടാ.<br>ചെയ്യരുത്. |
| കുര്യാത് | ന കുര്യാത് | ചെയ്യണം | ചെയ്യേണ്ട. | |
| കൃത്വാ | ന കൃത്വാ | ചെയ്ത് | ചെയ്യാതെ. | |
| കർത്തും | ന കർത്തും | ചെയ്വാൻ | ചെയ്യായ്‌വാൻ | |
| — | — | ചെയ്ക | ചെയ്യായ്ക | |
| — | — | ചെയ്കിൽ | ചെയ്യായ്കിൽ | |
| കുർവത് | അകുർവത് | ചെയ്യുന്ന | ചെയ്യായുന്ന | |
| കൃത | അകൃത | ചെയ്ത | ചെയ്യാഞ്ഞ | |

| സംസ്കൃതം | | മലയാളം | |
|---|---|---|---|
| കരിഷ്യത് | അകരിഷ്യത് | ചെയ്യും | ചെയ്യാ |
| കരണം | അകരണം | ചെയ്യൽ | ചെയ്യായൽ |

മേൽക്കാണിച്ച പട്ടികയിൽ സംസ്കൃതത്തെയും മലയാളത്തെയും വിധിനിഷേധങ്ങളെ ഉളവാക്കുന്ന വിഷയത്തിൽ താരതമ്യപ്പെടുത്തിയിരിക്കുന്നു. സംസ്കൃതത്തിൽ ഏതു രൂപമായാലും ന എന്ന നിപാതത്തിന്റെ യോഗംകൊണ്ടു വിധി നിഷേധമാകും; സമാസമുള്ളിടത്തു മാത്രം ന എന്നല്ല, അ എന്നാണ് നിഷേധാർത്ഥക നിപാതം എന്നു മാത്രമേ വിശേഷമുള്ളൂ. ഭാഷയിലാകട്ടെ പലവിധത്തിലായിട്ടാണ് നിഷേധരൂപത്തിന്റെ നിഷ്പത്തി. നിർദ്ദേശകപ്രകാരത്തിൽ ഏകദേശം സംസ്കൃതത്തോടു യോജിച്ച് "ഇല്ല" എന്ന പദത്തിന്റെ യോഗംകൊണ്ടും നിഷേധരൂപം ഉളവാകുന്നു; എന്നാൽ അവിടെയും ഭാവി കാലത്തിനു പലേവിധം രൂപങ്ങളുണ്ട്. വിധായകത്തിൽ അനുപ്രയോഗമായ വേൺ ധാതുവിന്റെ ഭാവികാലത്തിലുള്ള നിഷേധരൂപമാണ് ഉപയോഗിക്കുന്നത്. വേണ്ടും — വേണ്ട. നിയോജകത്തിലും അനുജ്ഞായകത്തിലും ശരിയായ നിഷേധരൂപമില്ല. കൂടാ, അരുത് എന്നു വേറെ പദങ്ങളുടെ സഹായംകൊണ്ടും മുൻവിനയെച്ചത്തിലുള്ള നിഷേധരൂപത്തെ ഉപയോഗിച്ചിട്ടുമാണ് നിഷേധാർത്ഥം സമ്പാദിക്കുന്നത്. ഇങ്ങനെ രൂപസിദ്ധി ഒ□ാരോ ഇടത്തും ഒ□ാരോ വിധം ആണെങ്കിലും എല്ലാ ഇടത്തും ഒന്നുപോലെ കാണുന്നതായിട്ട് ഒരു ഭാഗമുണ്ടെന്നു സൂക്ഷിച്ചുനോക്കിയാൽ ബോധപ്പെടും. ഇത് ആ എന്നുള്ള അംശമാണ്.

| | |
|---|---|
| ചെയ് + ആ + ഉന്നു = ചെയ്യായുന്നു — | വർത്തമാനം |
| ചെയ് + ആ + ന്തു ( = ഞ്ചു = ഞ്ഞു) = ചെയ്യാഞ്ഞു — | ഭൂതം |
| ചെയ് + ആ = ചെയ്യാ — | ഭാവി |
| വേണ്ട് + ആ = വേണ്ടാ — | വിധായകം |
| കൂട് + ആ = കൂടാ — | നിയോജകം |
| ഇൽ + ആ = ഇല്ലാ — | (ഇല്ല ചേർന്ന രൂപങ്ങൾ) |
| ചെയ് + ആ + ക = ചെയ്യായ്ക — | നടുവിനയെച്ചം |
| ചെയ് + ആ + ആൻ = ചെയ്യാ (യ്വ്) ആൻ — | പിൻവിനയെച്ചം. |

"ഇല്ല" എന്നതിന് ദീർഘമില്ലാത്തതിനാൽ അത് "ഇൽ" എന്ന ധാതുവിന്റെ നടുവിനയെച്ചരൂപമായാൽ പോരയോ? ദീർഘം ചെയ്യാറുള്ളതു ബലത്തിനുവേണ്ടിയാണെന്നു കല്പിച്ചുകൊള്ളാം എന്നൊരു പക്ഷം പ്രഥമദൃഷ്ടിയിൽ തോന്നാം. എന്നാൽ ഇല്ലായ്മ, ഇല്ലായ്ക, ഇല്ലാഞ്ഞു ഇത്യാദിയായ അതിന്റെ മറ്റു രൂപസിദ്ധികൾ നോക്കുമ്പോൾ അതിലും ആ — യുടെ സാന്നിദ്ധ്യമുണ്ടെന്നു തീർച്ചപ്പെടും. ഇല്ലപോലെതന്നെയാണ് അല്ല എന്ന വേറെ ഒരു പദമുള്ളതും. അതുകൊണ്ട് അൽ, ഇൽ എന്ന ധാതുക്കൾ സ്വയമേ നിഷേധാർത്ഥകങ്ങളാണെങ്കിലും അതുകളിലും ആ ചേർത്താലേ പ്രയോഗാർഹമായ പദമുണ്ടാകയുള്ളു എന്നു സിദ്ധിക്കുന്നു. അപ്പോൾ "അല്ല, ഇല്ല" എന്ന പദങ്ങളിൽ നിഷേധാർത്ഥം ഇരട്ടിപ്പടിയായിത്തീരുന്നു എന്നൊരു തരക്കേടുണ്ട്; അതിനു നിർവ്വാഹമില്ല. സംസ്കൃതത്തിൽ ഏകഃ, ദ്വൗ, ത്രയഃ എന്ന സംഖ്യാവാചകങ്ങളിലെ വചനപ്രത്യയങ്ങൾ പോലെ പ്രകൃത്യർത്ഥവും പ്രത്യയാർത്ഥവും ഒന്നുതന്നെ ആകുമ്പോൾ അവയ്ക്കു തങ്ങളിൽ അഭേദാന്വയം വരുന്നുവെന്നു സമാധാനപ്പെടണം.

ഇനി ഇൗ ആ-യുടെ സ്വഭാവം എന്തെന്നാലോചിപ്പാനുണ്ട്. ഇതു് ഒരു അനുപ്രയോഗ ധാതുവോ, ഇടനിലയോ പ്രത്യയമോ? ധാതുവാണെങ്കിൽ ഇല്ല, അല്ല എന്ന രൂപസിദ്ധി യോജിക്കയില്ല; ഒരു പ്രത്യയവും കൂടാതെ രണ്ടു ധാതുക്കൾ മാത്രം തങ്ങളിൽ സമാസിക്ക പതിവില്ലല്ലോ. ഇടനില എന്നതു് അംഗസംസ്കാരമാകയാൽ അതു സ്വതന്ത്രമായി നില്ക്കുന്നതു ന്യായമല്ല; പ്രത്യയത്തിന്റെയും പ്രകൃതിയുടെയും ഇടയ്ക്കു നില്ക്കുന്നതല്ലേ ഇടനില? അതുകൊണ്ടു പരിശേഷാൽ ആ ഒരു പ്രത്യയം തന്നെ എന്നു സ്വീകരണം. ഇ എന്ന പ്രയോജകപ്രത്യയംപോലെ ആ എന്നൊരു നിഷേധപ്രത്യയം വരുന്നതിനു വിരോധമില്ലല്ലോ. ഇല്ലാ അല്ലാ രണ്ടും അനുപ്രയോഗങ്ങൾ. ഇതുകൾക്കു പുറമേ കൂടാ, വഹിയാ (വയ്യാ), ഒല്ലാ, അരുതു് എന്ന പദങ്ങൾക്കും അനുപ്രയോഗത്തിന്റെ നില തന്നെ. “ഇല്ല” “അല്ലാ” എന്ന രണ്ടിലും ആ സ്വാർത്ഥത്തിൽ; ശേഷം മൂന്നിലും നിഷേധംകുറിക്കുന്നു. കൂടാ = യോജിക്കയില്ല; വഹിയാ = ശേഷിയില്ല, ഒലാ (= വല്ലാ) = ശരിയല്ല. “ചെയ്തുകൂടാ” എന്നു കൂടാ എന്നതിൽ പ്രാക്പ്രയോഗത്തിനു ഭൂതമാണ് പതിവു്; ഇതൊരു ശൈലി എന്നേ പറവാനുള്ളൂ. ചെയ്യവയ്യാ, ചെയ്യൊലാ (ചെയ്യവല്ലാ), ചെയ്യ + അരുതു് = ചെയ്യരുതു് എന്ന മൂന്നിലും പ്രാക്പ്രയോഗത്തിനു നടുവിനയെച്ചം ന്യായംതന്നെ. അരുതു് എന്നതിൽ നിഷേധാർത്ഥത്തിന് ആ ചേർന്നിട്ടില്ല. അപൂർവ്വം, അസാദ്ധ്യം എന്നർത്ഥമുള്ള അരു എന്ന ഭേദകപ്രകൃതിയിൽ നിന്നുണ്ടായ നപുംസകരൂപമാണ് “അരുതു്”. അതുകൊണ്ട് അതിനു വാച്യമായിട്ടു നിഷേധമില്ല; സംസ്കൃതത്തിൽ ദുസ്സാദ്ധ്യം ഇത്യാദികളിലെ ദുർ എന്ന ഉപസർഗ്ഗത്തിനും ഇംഗ്ലീഷിൽ hardly possible ഇത്യാദികളിലെ hardly എന്ന ക്രിയാവിശേഷണത്തിനും ഉണ്ടാകുന്നതുപോലെ നിഷേധാർത്ഥം വ്യംഗ്യമായിട്ട് ഉണ്ടാകുന്നതാണ്.

ആഗമപ്രകാരം നോക്കുമ്പോൾ മറ്റു ദ്രാവിഡങ്ങളുടെയും മട്ടിതുതന്നെ. ആ പ്രത്യയം ചേർത്തു നിഷേധകപ്രകൃതിയുണ്ടാക്കുകതന്നെയാണ് എല്ലാ ദ്രാവിഡങ്ങളും ആദികാലത്തു ചെയ്തുകൊണ്ടിരുന്നതു്; ഇൽ, അൽ-കളുടെ അനുപ്രയോഗം പിന്നീടുണ്ടായതാണ്. കാലഭേദം മലയാളത്തിൽ മാത്രമേ സ്ഫുടമായിട്ടുള്ളൂ; തമിഴ്, കർണ്ണാടകം, തെലുങ്ക് മൂന്നും പ്രായേണ ശീലഭാവിയെത്തന്നെ മൂന്നുകാലത്തിലും ഭേദം കൂടാതെ ഉപയോഗിക്കുന്നു. പുരുഷഭേദവും ശീലഭാവിയിൽ മാത്രമേ കാണുന്നുള്ളൂ.

### ശീലഭാവി (സാർവ്വലൗകികം)

| | തമിഴ് | മലയാളം | | | തെലുങ്ക് | കർണ്ണാടകം |
|---|---|---|---|---|---|---|
| | | പ്രാചീനം | മദ്ധ്യം | ആധുനികം | | |
| | | | **ഏകവചനം** | | | |
| പ്ര. പു. പും. | ചെയ്യാൻ | ചെയ്യാൻ | ചെയ്യാൻ | ചെയ്യില്ല | ചേയഡു | കെയ്യം |
| പ്ര. പു. സ്ത്രീ. | ചെയ്യാൾ | ചെയ്യാൾ | ചെയ്യാൾ | ചെയ്യില്ല | ചേയദു | കെയ്യൾ |
| പ്ര. പു. നപും. | { ചെയ്യാതു<br>ചെയ്യാ | ചെയ്യാതു<br>ചെയ്യാ | ചെയ്യാതു<br>ചെയ്യാ | ചെയ്യാത്തു<br>ചെയ്യാ } | ചേയദു | കെയ്യതു |
| മ. പു. | ചെയ്യായ് | — | — | ചെയ്യാ | ചേയവു | കെയ്യയ് |
| ഉ. പു. | ചെയ്യേൻ | ചെയ്യേൻ | ചെയ്യാ | ചെയ്യില്ല | ചേയനു | കെയ്യം |

**ബഹുവചനം**

## ശീലഭാവി (സാർവ്വലൗകികം) (തുടർച്ച)

| | തമിഴ് | മലയാളം: പ്രാചീനം | മലയാളം: മദ്ധ്യം | മലയാളം: ആധുനികം | തെലുങ്ക് | കർണ്ണാടകം |
|---|---|---|---|---|---|---|
| പ്ര. പു. പും.<br>പ്ര. പു. സ്ത്രീ. | ചെയ്യാർ | ചെയ്യാർ | ചെയ്യാ | ചെയ്യില്ല | ചേയരു | കെയ്യർ |
| പ്ര. പു. നപും. | ചെയ്യാവന | ചെയ്യാ | ചെയ്യാ | ചെയ്യില്ല | ചേയരു | കെയ്യ |
| മ. പു. | ചെയ്യീർ | ചെയ്യാ | ചെയ്യാ | ചെയ്യില്ല | ചേയരു | കെയ്യിർ |
| ഉ. പു. | ചെയ്യോം | ചെയ്യാ | ചെയ്യാ | ചെയ്യില്ല | ചേയമു | കെയ്യവ |
| | | | **ഭൂതകാലം** | | | |
| പ്ര. പു. പും. | ചെയ്തിലാൻ | ചെയ്യാഞ്ഞാൻ | ചെയ്യാഞ്ഞു | ചെയ്യാഞ്ഞു<br>ചെയ്തില്ല | — | — |
| പ്ര. പു. സ്ത്രീ. | ചെയ്തിലാൾ | ചെയ്യാഞ്ഞാൾ | | | | |
| മ. പു. | ചെയ്തിലായ് | ചെയ്യാഞ്ഞായ് | – do – | – do – | — | — |
| ഉ. പു. | ചെയ്തിലേൻ<br>ചെയ്തേനിലേൻ | ചെയ്യാഞ്ഞേൻ | – do – | – do – | — | — |
| | | | **വർത്തമാനകാലം** | | | |
| പ്ര. പു. പും. | ചെയ്തിന്റിലാൻ | ചെയ്യായുന്നാൻ | ചെയ്യായുന്നു | ചെയ്യുന്നില്ല | — | — |
| പ്ര. പു. സ്ത്രീ. | ചെയ്തിലാൾ | ചെയ്യായുന്നാൾ | | | | |
| മ. പു. | ചെയ്തിന്റിലായ് | ചെയ്യായുന്നായ് | – do – | – do – | — | — |
| ഉ. പു. | ചെയ്തിന്റിലേൻ | ചെയ്യായുന്നേൻ | – do – | – do – | — | — |
| | | | **അവധാരകഭാവി** | | | |
| ഉ. പു. | ചെയ്യലേൻ | ചെയ്യായ്യു | ചെയ്യായ്യു | — | — | — |
| | | | **നിയോജകബഹുവചനം** | | | |
| മ. പു. | ചെയ്യായ്‌വിൻ | ചെയ്യായ്‌വിൻ | ചെയ്യായ്‌വിൻ | ചേയകുണ്ഡു | — | |

ശീലഭാവി (സാർവ്വലൗകികം) (തുടർച്ച)

| | തമിഴ് | മലയാളം | | | തെലുങ്ക് | കർണ്ണാടകം |
|---|---|---|---|---|---|---|
| | | പ്രാചീനം | മദ്ധ്യം | ആധുനികം | | |
| | | | **വിനയെച്ചം** | | | |
| മുൻ. | ചെയ്യാ<br>ചെയ്യാമൽ } | ചെയ്യാ | ചെയ്യാതു | ചെയ്യാതെ<br>ചെയ്യാഞ്ഞു് } | ചേയക | കെയ്യതേ |
| പിൻ. | — | — | — | ചെയ്യായ്‌വാൻ | — | — |
| നടു. | ചെയ്യാർക | ചെയ്യായ്ക | ചെയ്യായ്ക | ചെയ്യായ്ക | ചേയക | — |
| | | | **പേരെച്ചം** | | | |
| ഭൂത. | ചെയ്യാ<br>ചെയ്യാതെ } | ചെയ്യാ | ചെയ്യാ | ചെയ്യാ | — | — |
| ഭാവി. | — | ചെയ്യാ<br>ചെയ്യാ } | ചെയ്യാഞ്ഞ<br>ചെയ്യാത | ചെയ്യാഞ്ഞ<br>ചെയ്യാത | ചേയനീ | കെയ്യത |
| വർത്ത. | — | ചെയ്യാ | ചെയ്യാത്ത | ചെയ്യാത്ത | — | —- |

മേൽക്കാണിച്ച പട്ടികയിൽ ഒന്നാമതായി നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നതു തമിഴിൽ പുരുഷഭേദമുള്ള ശീലഭാവിരൂപങ്ങളാകുന്നു. അതിലൊന്നിലും ആ പ്രത്യയം കാണുന്നില്ല. മധ്യേ ഒരു പ്രത്യയവും ചേർക്കാതെ പുരുഷചിഹ്നങ്ങളെ നേരെ ധാതുവിൽത്തന്നെ തൊടുത്തിരിക്കുന്നു. അപ്പോൾ അതുകളിൽ നിഷേധം കുറിക്കുന്നതിനു ചിഹ്നമൊന്നുമില്ലയോ? ഒരടയാളവും ഇല്ലാതിരിക്കുന്നതുതന്നെ നിഷേധത്തിന് ഒരടയാളം എന്നായിരിക്കുമോ തമിഴരുടെ യുക്തി? ചെയ്തേൻ, ചെയ്‌വേൻ, ചെയ്കിറേൻ എന്നു വിധി രൂപത്തിൽ ഓരോ കാലത്തെയും കുറിക്കുന്നതിൽ വേറെ വേറെ പ്രത്യയമുള്ള സ്ഥിതിക്ക് ഒരു പ്രത്യയവും ചെയ്യാതിരുന്നാൽ അതു നിഷേധാർത്ഥം കാണിക്കാനുള്ള മാർഗ്ഗമാകണമല്ലോ. നിർദ്ദേശികാവിഭക്തി, നിയോജകമധ്യമപുരുഷൻ, ഏകവചനം ഇതുകൾക്കു വാചകമായിട്ടു രൂപവികാരമൊന്നും വേണ്ടെന്നേർപ്പാടു ചെയ്ത ദ്രാവിഡഭാഷകളുടെ വ്യാകരണരീതി നോക്കുമ്പോൾ ഈവിധം സംഭവിക്കാവുന്നതുമാണ്. എന്നാൽ പുരുഷഭേദം ഉപേക്ഷിക്കുമ്പോൾ ആ പ്രത്യയം ചേർക്കുന്നതെന്തിന്? — എന്നൊരു യുക്തിഭംഗം ഇവിടെ വരുന്നുണ്ട്. അതിനാൽ പുരുഷപ്രത്യയം ചേർന്ന ചെയ്യേൻ, ചെയ്യായ് ഇത്യാദികളിലും ആ — യുടെ സാന്നിദ്ധ്യം ഉണ്ടായിരിക്കുന്നതിനാണ് ന്യായം. അങ്ങനെതന്നെ റവറന്റ് കാൽഡ്വെല്ലും അഭിപ്രായപ്പെടുന്നു. ഏൻ, ആയ്, ആൻ മുതലായ പുരുഷപ്രത്യയങ്ങളിലെ ആദ്യസ്വരങ്ങൾ വിധിരൂപങ്ങളിലെല്ലാം ദീർഘമായും ഹ്രസ്വമായും നില്ക്കാമെന്നിരിക്കെ നിഷേധരൂപങ്ങളിൽ സർവ്വത്ര ദീർഘമായിട്ടു മാത്രമേ കാണുന്നുള്ളൂ. അതുകൊണ്ട് നിഷേധപ്രത്യയമായ ആ ഈ പുരുഷപ്രത്യയങ്ങളുടെ ആദ്യസ്വരങ്ങളിൽ ലയിച്ച് അതുകളെ ദീർഘീകരിച്ചതായിരിക്കണം എന്നുള്ള കാൽഡ്വെല്ലിന്റെ യുക്തി ഹൃദയംഗമമായിരിക്കുന്നു.

പ്രാചീനം, മദ്ധ്യം, ആധുനികം എന്നു മലയാളത്തിനു കാണിച്ചതുപോലെ കാലക്രമത്തിൽ ഏർപ്പെട്ടിട്ടുള്ള ഭേദങ്ങൾ മറ്റു ദ്രാവിഡങ്ങളെയും ബാധിച്ചിട്ടുണ്ട്. അതുകളെ മലയാളവ്യാകരണത്തിൽ വിസ്തരിച്ചിട്ടാവശ്യമില്ലെന്നുപേക്ഷിച്ചതാണ്. ആ ഭാഷകളിലും മലയാളത്തിലെപ്പോലെ ക്രമേണ അനുപ്രയോഗത്തിനു പ്രാധാന്യം വന്നുചേർന്നിട്ടുണ്ട്. അതിനാലാണ് നിഷേധത്തെ അനുപ്രയോഗങ്ങളുടെ കൂട്ടത്തിൽ ചേർക്കാമെന്നു ചിലേടത്തു പ്രസ്താവിച്ചിട്ടുള്ളത്. വസ്തുസ്ഥിതി

നോക്കുന്നതായാൽ പ്രകൃതി എന്ന ഇനത്തിലാണ് നിഷേധം ഉൾപ്പെടേണ്ടതു്. ഇ എന്ന പ്രത്യയം ചേർത്താൽ പ്രയോജകപ്രകൃതിയുണ്ടാകുമ്പോലെ ആ എന്ന പ്രത്യയം ചേർത്താൽ നിഷേധപ്രകൃതിയുണ്ടാകുന്നു. കേവലപ്രകൃതിയിൽനിന്ന് ഏതെല്ലാം അർത്ഥവിശേഷം കുറിക്കുന്നതിനു പ്രത്യയങ്ങൾ ചേരുമോ അതെല്ലാം പ്രയോജകപ്രകൃതിയിൽനിന്നും നിഷേധപ്രകൃതിയിൽനിന്നും ഒന്നുപോലെ ചേരുന്നുണ്ടു്. പഴയ സ്ഥിതി നോക്കുമ്പോൾ പ്രകൃതി എന്ന ഇനത്തിലും ഇപ്പോഴത്തെ സ്ഥിതി നോക്കുമ്പോൾ അനുപ്രയോഗത്തിലും നിഷേധത്തെ ഉൾപ്പെടുത്തേണ്ടിവന്നതിൽ രണ്ടും ഉപേക്ഷിച്ച മാർഗ്ഗഭേദം എന്നൊരു പുതിയ ഉപാധിയെ കല്പിക്കേണ്ടിവന്നു.

ഇനി നിഷേധമാർഗ്ഗത്തിലെ രൂപസിദ്ധികളെ സംഗ്രഹിക്കുന്നതിനു സൂത്രങ്ങളെ അവതരിപ്പിക്കാം;

135. ആ നിഷേധ പ്രത്യയമാം;
ശീലഭാവിക്കതേ മതി;
വരാം ഭൂതമതിന്മീതേ;
വർത്തമാനം വിലുപ്തമായ്.

ധാതുവിൽ ആ എന്ന പ്രത്യയം ചേർത്താൽ അതു നിഷേധാർത്ഥം കുറിക്കുന്ന പ്രത്യയമായിത്തീരും. പിന്നീട് ഇൗ പ്രകൃതിയിൽനിന്നു മുറയ്ക്കു കാലപ്രത്യയങ്ങൾ ചേർക്കാം. എന്നാൽ ഉം പ്രത്യയം കൂടാതെതന്നെ ശീലഭാവിരൂപം പ്രയോഗിക്കാം; "ചെയ്യായും" എന്നതിനു പകരം "ചെയ്യാ" എന്നുതന്നെ രൂപംചെയ്താൽ മതി. ഭൂതത്തിൽ ആരാഞ്ഞു എന്ന് ആകാരാന്തധാതുവിന്റെ മുറയ്ക്കു് ചെയ്യാഞ്ഞു എന്നു രൂപം. ചെയ്യായുന്നു എന്ന വർത്തമാനരൂപം ആധുനികമലയാളത്തിൽ ലുപ്തപ്രചാരമായിപ്പോയി. ഇന്നു എന്ന വർത്തമാനരൂപം ഉന്നു എന്നു മാറുന്നതിനു മുമ്പുതന്നെ ഇൗ പ്രചാരലോപം സംഭവിച്ചിരിക്കയാൽ. "ചെയ്യായുന്നു" എന്ന് ആധുനിക സമ്പ്രദായപ്രകാരമുള്ള രൂപം വളരെ അപൂർവ്വമായിട്ടേ മലയാളസാഹിത്യത്തിൽ കാണുകയുള്ളൂ. ഇക്കാലത്താകട്ടെ ആ ചേർന്ന രൂപം എല്ലാംതന്നെ സംഭാഷണത്തിൽ അധികം നടപ്പില്ല; അനുപ്രയോഗം കൊണ്ടാണ് നിഷേധം കുറിക്കുക പതിവു്.

136. ഇല്ലയല്ലകൾ ചേർന്നിട്ടു-
മുണ്ടാം കാലനിഷേധനം

വിധിരൂപത്തിൽ ഇല്ല എന്നോ അല്ല എന്നോ അനുപ്രയോഗിച്ചാലും അതു നിഷേധരൂപമാകും; കാലങ്ങളെ നിഷേധിക്കുന്നതിൽ ഇൗ സമ്പ്രദായമാണ് ഇപ്പോൾ നടപ്പു്. ഉദാ:

ചെയ്യുന്നു, ചെയ്യുന്നില്ല; ചെയ്തു, ചെയ്തില്ല; ചെയ്യും, ചെയ്യുവില്ല.

137. ഭാവിയിൽ പ്രാക്പ്രയോഗത്തി-
ലെച്ചമോ ധാതുവോ വരാം.

ഭൂതത്തിലും വർത്തമാനത്തിലും വിധിരൂപമാണല്ലോ പ്രാക്പ്രയോഗം; അതുപോലെ ഭാവിയിലും ഭാവിയിലേ വിധിരൂപം ഉപയോഗിക്കാറുള്ളതിനു പുറമേ നടുവിനയെച്ചരൂപമോ കേവലധാതുതന്നെയോ ആയാലും മതിയാകും. ഉദാ:

ചെയ്യുവില്ല, ചെയ്കയില്ല, ചെയ്യില്ല.

അല്ല — ഇല്ലകൾക്ക് അർത്ഥം ഒന്നാണെങ്കിലും പ്രയോഗഭേദമുണ്ട്: അല്ല നാമത്തോടേ ചേരു; അത് “ആകുന്നില്ല” എന്നതിനു തുല്യമാകുന്നു. ക്രിയയിൽ അന്വയിക്കാത്തതിനാൽ അതിനു കാലഭേദമൊന്നും വരാനില്ല. ഇല്ല ക്രിയയോടെ ചേരു; അത് “ഉണ്ടാകുന്നില്ല” എന്നതിനു തുല്യമാകുന്നു; ക്രിയാന്വയമുള്ളതിനാൽ അതിനു കാലഭേദം കാണും. താർക്കികന്മാരുടെ സങ്കേതഭാഷയിൽ അല്ല അന്യോന്യാഭാവത്തെയും, ഇല്ല അത്യന്താഭാവത്തേയും കുറിക്കുന്നു എന്നു പറയാം. ഉദാഹരണം:

ആനയ്ക്കു കൊമ്പുണ്ട്, കുതിരയ്ക്കു കൊമ്പില്ല, മുല്ല ഒരു വള്ളിയാണ്, വൃക്ഷമല്ല,
ചെയ്യുന്നില്ല, ചെയ്തില്ല, ചെയ്യുവില്ല, ചെയ്യുന്നതല്ല, ചെയ്തതല്ല, ചെയ്‌വതല്ല.

ഇല്ല–യെ കവികൾ “ഇൗല” ആക്കാറുണ്ട്. ഉദാ:

തിരിയുന്നീല തതസ്തു മാനസം മേ — ശാകു.

ഇല്ല–അല്ലകൾ നിഷേധാർത്ഥകധാതുക്കൾതന്നെ ആകയാൽ അതുകളെത്തന്നെ “ഉണ്ടാകുന്നില്ല”, “ആകുന്നില്ല” എന്നതുകൾക്കു പകരം സ്വതന്ത്രമായി പ്രയോഗിക്കാം.

പ്രകാരങ്ങൾ അനുപ്രയോഗം കൊണ്ടുണ്ടാകുന്നവയാകയാൽ അനുപ്രയോഗ ധാതുവിന്റെ നിഷേധരൂപംതന്നെ ഉപയോഗിക്കുന്നതിനാണ് ന്യായം; വിധായകത്തിൽ അതിൻപ്രകാരംതന്നെ നടപ്പും. നിയോജകാനുജ്ഞായകങ്ങളിൽ അനുപ്രയോഗധാതുക്കളെക്കൂടെ മാറ്റാറുണ്ട്. ഇതിൽ അനുജ്ഞായകത്തിൽ അനുപ്രയോഗമായ ആവുക ധാതുവിന്റെ “ആകാ” എന്ന നിഷേധരൂപം ഒരു വിധം യോജിക്കായ്കയില്ല; നിയോജകത്തിന്റെ അനുപ്രയോഗം വളരെ വികൃതമായിപ്പോയതിനാൽ ഒട്ടുംതന്നെ യോജിക്കയില്ല.

138. വിധായകത്തിൽ വേണിന്റെ
ശീലഭാവി ശരിപ്പെടും;
നിയോഗാനുജ്ഞകൾക്കില്ല
ശരിയായ നിഷേധകം.
വയ്യാ കൂടാ അരുതൊലാ
ഇതിലൊന്നു യഥോചിതം.

നിയോജകാനുജ്ഞായകങ്ങളിൽ സ്വന്തമായ അനുപ്രയോഗം യോജിക്കായ്കയാൽ വയ്യാ, കൂടാ, അരുതു, ഒലാ എന്ന നാലു നിഷേധരൂപങ്ങളിൽ ഒന്ന് ഉചിതംപോലെ ഉപയോഗിച്ചുവരുന്നു.

(വയ്യാ = വഹിയാ = ശരിയല്ല. അരുതു = ശ്രമസാധ്യം = അകാര്യം. കൂടാ = കൂടുക (സാധിക്ക) ഇല്ല, ഒലാ = വല്ലാ = അശക്യം, അനുചിതം.)

ഉദാഹരണം:

| | വിധി | നിഷേധം |
|---|---|---|
| നിയോ: | ചെയ്യട്ടെ = ചെയ്യുകുടാ | ചെയ്യൊലാ, ചെയ്യാതിരിക്കട്ടെ. |
| അനു: | ചെയ്യാം = ചെയ്യവയ്യാ, | ചെയ്യരുത്. |

ചെയ്യാതിരിക്കട്ടെ എന്നു വളച്ചുകെട്ടിയ രൂപമാണ് നിയോജകത്തിലധികം നടപ്പ്. ചെയ്യേണ്ട എന്നു വിധായകനിഷേധകവും ചിലപ്പോൾ ഉപയോഗിക്കാറുണ്ട്.

### 139. ശീലാർത്ഥക്ലീബരൂപത്താൽ പേരെച്ചം വിനയെച്ചവും.

"ചെയ്യാ" എന്ന ശീലാഭാവിയിൽ തു എന്ന നപുംസകപ്രത്യയം ചേർത്തുണ്ടാകുന്ന രൂപത്തിൽ മുറയ്ക്കുള്ള അ ചേർത്താൽ പേരെച്ചമുണ്ടാകും; ഏ എന്ന നിപാതയോഗത്തിൽ വിനയെച്ചവുമായി. ചെയ്യാതു ചെയ്യാത എന്നു പേരെച്ചം; ചെയ്യാതെ എന്നു വിനയെച്ചം. ക്ലീബരൂപത്തിൽ നിന്നുണ്ടാകുന്ന എന്നുള്ളതുമാത്രമാണ് ഇതിൽ വ്യത്യസ്തം. ശീലഭാവിതന്നെ പേരെച്ചത്തിൽ വർത്തമാനകാലത്തിനും ഉപയോഗിക്കുന്നു; ചെയ്യായുന്ന എന്നു മുറയ്ക്കു വരേണ്ടുന്ന രൂപം ഉപയോഗിക്കാറില്ല. തകാരം ഇരട്ടിച്ച് ആത ആത്ത ആയിട്ടുണ്ടെന്നുമാത്രം വിശേഷം. വിനയെച്ചത്തിൽ ഭൂതത്തിനു "ചെയ്യാഞ്ഞു" എന്നു മുറയ്ക്കുള്ള രൂപമുണ്ടെങ്കിലും "ആതെ" എന്ന ശീലഭാവിതന്നെ ഭൂതത്തിനും ഉതകും. "അറിഞ്ഞും അറിയാതെയും" ഇത്യാദ്യുദാഹരണങ്ങൾ നോക്കുക.

### 140. ശേഷമാകാരാന്തമായ ധാതുവിൻ രൂപമാലതാൻ.

വ്യത്യസ്തങ്ങളെ എടുത്തു പറഞ്ഞല്ലോ. അതുകൾ ഒഴിച്ചുള്ള രൂപമെല്ലാം നിഷേധക പ്രകൃതിയിൽ ആ ചേർന്ന് ധാതു ആകാരന്തമാകുന്നതിനാൽ കേവലപ്രകൃതിയിൽ ആകാരാന്തത്തിനുള്ള രൂപങ്ങൾതന്നെ. അതിനാൽ പിൻവിനയെച്ചം "ചെയ്യായ്‌വാൻ"; നടുവിനയെച്ചം "ചെയ്യായ്ക"; നിയോജകബഹുവചനം "ചെയ്യായ്‌വിൻ"; ഭൂതപേരെച്ചം "ചെയ്യാഞ്ഞ" എന്നും മറ്റും രൂപസിദ്ധി.

ഇവിടെ വിവരിച്ചപ്രകാരം മലയാളത്തിൽ നിഷേധവാക്യം നിർമ്മിക്കുന്നതിനു രണ്ടു മാർഗ്ഗങ്ങളുണ്ട്. "അല്ല — ഇല്ല" നിർദ്ദേശകത്തിന്; "ഒലാ — അരുത്" നിയോജകവിധായങ്ങൾക്ക്, "വഹിയാ" അനുജ്ഞായകത്തിന് എന്ന് അനുപ്രയോഗങ്ങളെക്കൊണ്ടുണ്ടാവുന്നത് ഒന്നാമത്. ആ എന്ന പ്രത്യയം ചേർത്താലുളവാകുന്നത് രണ്ടാമത്. ഇവ തമ്മിൽ അർത്ഥത്തിൽ ചിലെടത്തു ഭേദം തോന്നുന്നുണ്ട്.

എങ്ങനെ:

രാമൻ വന്നു — വന്നില്ല. വരാഞ്ഞു.
രാമൻ വന്നിരുന്നു — വന്നിരുന്നില്ല, വരാതെയിരുന്നു.

ഇവയിൽ വരാഞ്ഞു–വും വരാതെയിരുന്നു–വും സൂക്ഷ്മത്തിൽ പര്യായങ്ങളാകുന്നു.

അനേകധാതുകങ്ങളായ ആഖ്യാതങ്ങളെ നിഷേധിക്കുമ്പോൾ പ്രാക്പ്രയോഗത്തിനോ അനുപ്രയോഗത്തിനോ ഇച്ഛപോലെ നിഷേധം ചേർക്കാവുന്നതിനാലും നിഷേധിപ്പാൻതന്നെ രണ്ടുവഴിയുള്ളതിനാലും ആ വകസ്ഥലങ്ങളിൽ ഒന്നിലധികം നിഷേധരൂപം ഉത്ഭവിപ്പാൻ ഇടയുണ്ട്. ഈമാതിരി ഒരവസരം വന്നാൽ പ്രാക്പ്രയോഗത്തിൽ ആ — യേ ചേർക്കു, അനുപ്രയോഗത്തിൽ ഇല്ല മുതലായ അനുപ്രയോഗങ്ങളേ ചേർക്കു എന്നാണ് കീഴ്നടപ്പിൻപടി ഏർപ്പെട്ടിട്ടുള്ള പതിവ്. നിഷേധം ചേരുന്നതിനു തക്കതായി അർത്ഥവും സ്വല്പം ഭേദിക്കും. ഉദാഹരണം:

| വിധി | നിഷേധം |
|---|---|
| കാര്യം നടന്നുപോയി | കാര്യം നടക്കാതെ പോയി<br>കാര്യം നടന്നുപോയില്ല. |